**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 859** **24-06-2026-ൽ മറുപടിയ്ക്ക്**

## <u>ട്രോളിങ് നിരോധനം -2026</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എൻ. കെ. അക്ബർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 2026ലെ ട്രോളിങ് നിരോധനവുമായി ബന്ധപ്പെട്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളുടെ മത്സ്യബന്ധനമാണ് നിരോധിക്കുന്നത്. പരമ്പരാഗതമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ നിരോധനം ബാധകമല്ല. യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധതൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കുമാണ് തൊഴിൽ നഷ്ടപ്പെടുന്നത്. ഇവരുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായി സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്ക് ഈ കാലയളവിൽ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ അർഹരായ ഗുണഭോക്താക്കൾക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ട്രോളിംഗ് നിരോധന സമയത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ആവശ്യമായ ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഔട്ട്ബോർഡ് മോട്ടോർ (OBM), ഇൻബോർഡ് മോട്ടോർ (IBM) എന്നിവ ഉപയോഗിക്കുന്ന ചെറുകിട യാനങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി സഹകരണ സംഘങ്ങൾ, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിപണന സൗകര്യങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരോധന കാലയളവിൽ യന്ത്രവൽകൃത ട്രോളിംഗ് യാനങ്ങളുടെ കടൽ പ്രവർത്തനം നിയന്ത്രിക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗും, പരിശോധനയും, നിരീക്ഷണവും നടത്തിവരുന്നുണ്ട്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആധുനിക സുരക്ഷാ ഉപകരണങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, നാവിഗേഷൻ സഹായ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ദുരന്തസാഹചര്യങ്ങളിൽ അടിയന്തര രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കടൽരക്ഷാ പ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ നടത്തുന്നതിന് 9 തീരദേശ ജില്ലകളിലായി 20 യന്ത്രവത്കൃത ബോട്ടുകളും, 3 ഫൈബർ വള്ളങ്ങളും വാടകയെടുത്ത് പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള 9 വള്ളങ്ങൾ 9 ഫിഷറീസ് സ്റ്റേഷനുകളിലായി സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട 15 ഫിഷിംഗ് ഹാർബറുകളിലായി രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 100 കടൽ സുരക്ഷാ സ്ക്വാഡുകളെ

നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ കടൽരക്ഷാ പ്രവർത്തനത്തിന് വാടകയ്ക്കെടുത്തിട്ടുള്ള 20 ബോട്ടുകളിലും 3 ഫൈബർ വള്ളങ്ങളിലുമായി 80 ലൈഫ് ഗാർഡ് മാരെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കടലപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വളരെ വേഗം രക്ഷിച്ച് കരയിലെത്തിച്ച് അടിയന്തിര മെഡിക്കൽ സഹായം നൽകുന്നതിനായി രണ്ട് മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

**(ബി)** ട്രോളിങ് നിരോധന കാലയളവിൽ മൽസ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകുന്ന ധനസഹായത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**<u>മറുപടി:</u>** ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി പദ്ധതി പ്രകാരം വിഹിതമടച്ചിട്ടുള്ള മത്സ്യതൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഈ വർഷത്തെ ഗുണഭോക്തൃ വിഹിതമായ ആദ്യ ഗഡു 1500 രൂപ വീതം ആകെ 20,82,10,000/- രൂപ ജില്ലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് .

**(സി)** ട്രോളിങ് നിരോധന സമയത്ത് മൽസ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച സാമ്പത്തിക സഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഈ വർഷത്തെ ഗുണഭോക്തൃ വിഹിതമായ 1500/- രൂപ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധതൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായി സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യേണ്ട പഞ്ഞമാസ ധനസഹായം അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി 2026-27 പ്രകാരം മറൈൻ ജില്ലകളിലെ 1,33,392 ഗുണഭോക്താക്കളിൽ നിന്ന് 18,98,87,000/- രൂപയും ഇൻലാൻഡ് ജില്ലകളിലെ 13,142 ഗുണഭോക്താക്കളിൽ നിന്ന് 1,83,23,000/- രൂപയും ഉൾപ്പെടെ ആകെ 1,46,534 ഗുണഭോക്താക്കളിൽ നിന്ന് 20,82,10,000/- രൂപ ഗുണഭോക്തൃ വിഹിതമായി സ്വീകരിച്ചിട്ടുണ്ട്. ഈ തുക ഫിഷറീസ് ഡയറക്ടറുടെ പേരിൽ വികാസ് ഭവൻ സബ്ട്രഷറിയിലെ STSB A/C No.799011400007590 - ൽ ലഭ്യമാകുകയും, ജില്ലകൾക്ക് അനുവദിക്കുന്നതിനായി ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ways and means clearance ആവശ്യമായി വന്നത് കാരണം ചെറിയ കാല താമസം നേരിട്ടിരുന്നു. എന്നാൽ ഈ വിഷയം പരിഹരിച്ച് തുക ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടും മൂന്നും ഗഡുക്കൾ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭ്യമായി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമയ ബന്ധിതമായി തന്നെ വിതരണം ചെയ്യുന്നതാണ്.

**(ഇ)** പഞ്ഞമാസ ധനസഹായ വിതരണത്തിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി 2026-27 പ്രകാരം മറൈൻ ജില്ലകളിലെ 1,33,392 ഗുണഭോക്താക്കളിൽ നിന്ന് 18,98,87,000/- രൂപയും ഇൻലാൻഡ് ജില്ലകളിലെ 13,142 ഗുണഭോക്താക്കളിൽ നിന്ന് 1,83,23,000/- രൂപയും ഉൾപ്പെടെ ആകെ 1,46,534 ഗുണഭോക്താക്കളിൽ നിന്ന് 20,82,10,000/- രൂപ ഗുണഭോക്തൃ വിഹിതമായി സ്വീകരിച്ചിട്ടുണ്ട്. ഈ തുക ഫിഷറീസ് ഡയറക്ടറുടെ പേരിൽ വികാസ് ഭവൻ സബ്ട്രഷറിയിലെ STSB A/C No.799011400007590 - ൽ ലഭ്യമാകുകയും, ജില്ലകൾക്ക് അനുവദിക്കുന്നതിനായി ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ways and means clearance ആവശ്യമായി വന്നത് കാരണം ചെറിയ കാല താമസം നേരിട്ടിരുന്നു. എന്നാൽ ഈ വിഷയം പരിഹരിച്ച് തുക ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടും മൂന്നും ഗഡുക്കൾ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭ്യമായി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമയ ബന്ധിതമായി തന്നെ വിതരണം ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**